**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 239** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** എറണാകുളം ഗവ. മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ എസ്.പി.വി. (SPV)ആയ M/s INKEL Limited മുഖേനയാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്. ഇതിലേക്കാവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇൻകെൽ വഴി പുരോഗമിച്ചു വരുന്നു. കെ.എം.എസ്.സി.എൽ മുഖേന നടപ്പിലാക്കി വരുന്ന, ഓപ്പറേഷൻ തീയേറ്റർ നിർമ്മാണ പ്രവൃത്തികൾ, ഉപകരണങ്ങളുടെ വിതരണം തുടങ്ങിയവ പൂർത്തീകരിക്കാനുണ്ട്. കൂടാതെ, KINFRA -യിൽ നിന്നും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്കുള്ള ജലവിതരണം ലഭ്യമാക്കേണ്ടതുണ്ട്. ടി പ്രവർത്തികൾ അടിയന്തിരമായി പൂർത്തിയാക്കി കെട്ടിടം പൂർണ്ണമായും കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, മറ്റ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത ബ്ലോക്കിലെ മുഴുവൻ ചികിത്സാ വിഭാഗങ്ങളും പ്രവർത്തനസജ്ജമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, മറ്റ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയിന്മേൽ നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**